## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3224** — **14.07.2015-ന് മറുപടിക്ക്**

## മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |

.....

(എ) മലിനീകരണ നിയന്ത്രണ ബോർഡിൽ വിവിധ കാറ്റഗറികളിലുള്ള ഒഴിവുകളുടെ എണ്ണം വ്യക്തമാക്കാമോ ;

(എ) മലിനീകരണ നിയന്ത്രണ ബോർഡിൽ വിവിധ വിഭാഗങ്ങളിലായി 166 ഒഴിവുകളുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| **എഞ്ചിനീയറിംഗ് വിഭാഗം** | |
| അസിസ്റ്റന്റ് എഞ്ചിനീയർ | 13 |
| **സയന്റിഫിക് വിഭാഗം** | |
| അസിസ്റ്റന്റ് സയന്റിസ്റ്റ് | 6 |
| സീനിയർ സയന്റിഫിക് അസിസ്റ്റന്റ്/ ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് | 37 |
| **മിനിസ്റ്റീരിയൽ വിഭാഗം** | |
| അസിസ്റ്റന്റ് | 26 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 3 |
| ടൈപ്പിസ്റ്റ് (കമ്പ്യൂട്ടർ അസിസ്റ്റന്റ്) | 17 |
| ഡ്രൈവർ | 21 |
| അറ്റന്റർ | 10 |
| പ്യൂൺ/ബ്ല് പ്രിന്റർ | 29 |
| വാച്ച്മാൻ | 4 |

(ബി) ഈ ഒഴിവുകളിലേക്കുള്ള നിയമനത്തിന് പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കണമെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഇല്ല

(സി) പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വയംഭരണ സ്ഥാപനങ്ങളിലുമുള്ള എല്ലാ സ്ഥിരനിയമനങ്ങളും പി.എസ്.സി. വഴി നടത്തണമെന്ന 2015 മേയ് 13-ാം തീയതിയിലെ 48/2015/ധന നമ്പർ സർക്കുലർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ട്

(contd........2....)

(ഡി) ഉണ്ടെങ്കിൽ സർക്കലറിന് ഘടകവിരുദ്ധമായി മലിനീകരണ നിയന്ത്രണ ബോർഡിലെ ഒഴിവുകൾ നികത്തുന്നതിനായി എൽ.ബി.എസ്. സെന്ററിന്റെ വെബ് പേജിൽ അപേക്ഷകൾ ക്ഷണിച്ചിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; മേൽ സർക്കലറിന് വിരുദ്ധമായി പ്രവർത്തിച്ചവർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(ഡി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ പി.എസ്.സി. വഴി നടത്താനുള്ള ബില്ലിൽ നിയമ നിർമ്മാണം ആകാത്ത സാഹചര്യത്തിൽ ബോർഡിലെ ഒഴിവുള്ള സയന്റിഫിക്/എഞ്ചിനീയറിംഗ് തസ്തികകളിലേക്കും മിനിസ്റ്റീരിയൽ തസ്തികകളിലേക്കും ഒറ്റത്തവണ നേരിട്ട് എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി മുഖേന നിയമനം നടത്താൻ സർക്കാർ ഉത്തരവ് നൽകിയിരുന്നു. എന്നാൽ ഈ ഉത്തരവുകൾ നടപ്പിലാക്കുന്നതിൽ സാങ്കേതികമായ ചില അപ്രായോഗികത ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ 3.7.2015-ലെ സ.ഉ.(കൈ) നമ്പർ.10/2015/പരി. പ്രകാരം ടി നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ട്.

(ഇ) മലിനീകരണ നിയന്ത്രണ ബോർഡിൽ ഒഴിവുള്ള തസ്തികകളിലേയ്ക്ക് പി.എസ്.സി. നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ പി.എസ്.സി. വഴി നടത്തുന്നതിന് നിയമനിർമ്മാണം നടത്തുന്നതിനുള്ള കരട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ